File No. CT/15318/2019-P2

# സംസ്ഥാന ചരക്ക്സേവന നികുതി വകുപ്പ്

തീയതി : 25/11/2020

ടാക്സ് ടവർ ,കരമന

കിള്ളിപ്പാലം, തിരുവനന്തപുരം

## പത്രക്കുറിപ്പ്

## ചരക്ക്സേവന നികുതി ആംനസ്റ്റി :

## 21075 പേർ ഓപ്ഷൻ സമർപ്പിച്ചു.

തിരുവനന്തപുരം : സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ആംനസ്റ്റി 2020 പദ്ധതിയുടെ ഭാഗമായി ഇതുവരെ 21075 വ്യാപാരികൾ ഓപ്ഷൻ സമർപ്പിച്ചു . ഇതിൽ 19221 ഓപ്ഷനുകളിൽ തീരുമാനമെടുത്തു .നവംബർ 30 ആണ് ഓപ്ഷൻ സമർപ്പിക്കുവാനുള്ള അവസാന തീയതി .

സംസ്ഥാന നികുതി വകുപ്പിന്റെ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ കുടിശ്ശിക നിവാരണപദ്ധതിയാണ് ആംനസ്റ്റി -2020. ചരക്ക്സേവന നികുതി നിയമം നിലവിൽ വരുന്നതിനു മുൻപുണ്ടായിരുന്ന നികുതി നിയമങ്ങളായ കേരള മൂല്യവർദ്ധിത നികുതി, കേന്ദ്രവില്പന നികുതി, ആഡംബര നികുതി, സർചാർജ്ജ്, കാർഷിക ആദായനികുതി , കേരള പൊതുവില്പന നികുതി എന്നീ നിയമങ്ങൾ പ്രകാരം കുടിശ്ശികയുള്ള വ്യാപാരികൾക്കാണ് ഈ പദ്ധതിയിൽ അപേക്ഷിക്കാൻ അവസരം .

പദ്ധതിയിൽ ഓപ്ഷൻ സമർപ്പിക്കുന്ന വ്യാപാരികൾക്ക്പിഴയിലും പലിശയിലും 100 ശതമാനം ഇളവ് ലഭിക്കും . എന്നാൽ പൊതുവിൽപ്പന നിയമപ്രകാരം 2005 ന്ശേഷമുള്ള നികുതി കുടിശ്ശികയിൽ പിഴമാത്രമെ ഒഴിവാക്കിയിട്ടുള്ളൂ. നികുതി കുടിശ്ശിക ഒരുമിച്ച്അടക്കുന്നവർക്ക്കുടിശ്ശികയുടെ 60 ശതമാനവും ,തവണകളായി അടക്കുന്നവർക്ക് 50 ശതമാനം വരെയും ഇളവ് ലഭിക്കും. നിലവിൽ അപ്പീലിൽ ഉൾപ്പട്ടിട്ടുള്ളതടക്കം എല്ലാ നികുതികുടിശ്ശികകൾക്കും ആംനസ്റ്റി പദ്ധതിയിൽ ഓപ്ഷൻ സമർപ്പിക്കാം. മുൻ പ്രഖ്യാപിച്ചിട്ടുള്ള ആംനസ്റ്റിപദ്ധതിയിൽ അപേക്ഷ നൽകിയശേഷം കുടിശ്ശിക പൂർണ്ണമായോ , ഭാഗീകമായോ അടയ്ക്കാൻ കഴിയാത്തവർക്കും ആംനസ്റ്റി -2020 ൽ വീണ്ടും ഓപ്ഷൻ നൽകി കുടിശ്ശിക തീർക്കാം .ഓപ്ഷൻ സമർപ്പിക്കാൻ www.keralataxes.gov.in ൽ രജിസ്റ്റർ ചെയ്യുക.

ഈ നിയമങ്ങളിൽ പ്രഖ്യാപിക്കുന്ന അവസാനത്തെ ആംനസ്റ്റി പദ്ധതിയായതിനാൽ അവസരം പരമാധി പ്രയോജനപ്പെടുത്തി നികുതി കുടിശ്ശികകൾ തീർപ്പാക്കണമെന്ന് സംസ്ഥാന ചരക്ക്സേവന നികുതി കമ്മിഷണർ അഭ്യർത്ഥിച്ചു .

Sd/-

COMMISSIONER